**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 128** | **04.06.2018-ൽ മറുപടിക്ക്** |
|---|---|

**റൂറൽ ടൈഗർ ഫോഴ്സ്**

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | എറണാകുളം റൂറൽ എസ്.പി. ഓഫീസിന് കീഴിൽ റൂറൽ ടൈഗർ ഫോഴ്സ് എന്നാണ് രൂപവൽക്കരിച്ചത്; അതിൽ എത്രപേരെയാണ് ഉൾക്കൊള്ളിച്ചിരുന്നത്; അവരുടെ സെലക്ഷൻ എപ്രകാരമായിരുന്നു; | (എ) | നെടുമ്പാശ്ശേരി Film Actress Abduction കേസ്സിനുശേഷം കവർച്ച, തട്ടിക്കൊണ്ടു പോകൽ തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും ദേശീയ പാതകൾ പ്രത്യേകം നിരീക്ഷിക്കുന്നതിനുമായി 24/2/2017 തീയതിയിൽ ജില്ലയിൽ 21 പേരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്. സേനാംഗങ്ങളിൽ നിന്നും നേരിട്ട് തിരഞ്ഞെടുത്തിട്ടുള്ളതാണ്. |
| (ബി) | റൂറൽ ടൈഗർ ഫോഴ്സ് ഏതൊക്കെ കേസുകളിലെ പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്; പ്രാദേശിക സ്റ്റേഷനുകളിലെ എസ്.ഐയെയോ സി.ഐയെയോ അറിയിക്കാതെയാണ് ടൈഗർ ഫോഴ്സ് പ്രതികളെ കസ്റ്റഡിയിലെടുത്തിരുന്നത് എന്ന ആക്ഷേപം വസ്തുതാപരമാണോ; | (ബി) | പ്രസ്തുത സ്ക്വാഡ് വിവിധ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ കസ്റ്റഡിയിൽ എടുക്കുന്നതിന് സഹായിക്കാറുണ്ട്. എസ്.ഐയെയോ സി.ഐയെയോ അറിയിക്കാതെ പ്രതികളെ അറസ്റ്റ് ചെയ്തതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | ടൈഗർ ഫോഴ്സിലെ എത്ര പോലീസുകാർക്കാണ് ഗുഡ് സർവ്വീസ് എൻടി ലഭിച്ചിട്ടുള്ളത്; ഓരോരുത്തർക്കും ഈ ഫോഴ്സിലെത്തിയ ശേഷം ലഭിച്ച ക്യാഷ് റിവാർഡ്/ജി.എസ്.സികളുടെ വിശദാംശം നൽകുമോ; | (സി) | വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| (ഡി) | എസ്.പി.ക്ക് നേരിട്ട് ലഭിക്കുന്ന പരാതികളിലും രാഷ്ട്രീയ നേതൃത്വം ആവശ്യപ്പെടുന്ന സംഭവങ്ങളിലും പ്രതികളെ പിടികൂടുവാൻ ഈ ഫോഴ്സിന് ചുമതല നൽകിയിട്ടുണ്ടോ; | (ഡി) | ചുമതല നൽകിയിട്ടില്ല |

| | | | |
|---|---|---|---|
| (ഇ) | റൂറൽ എസ്.പി. അറിയാതെയും അദ്ദേഹത്തിന്റെ നിർദ്ദേശമില്ലാതെയും റൂറൽ ടൈഗർ ഫോഴ്സ് ഏതെങ്കിലും കേസിൽ ഇടപെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേസുകളിലാണെന്ന് വ്യക്തമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | എറണാകുളം റൂറൽ ടൈഗർ ഫോഴ്സ് പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; നിയമവിരുദ്ധമായിട്ടാണ് പ്രസ്തുത ഫോഴ്സ് രൂപീകരിച്ചതെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (എഫ്) | 24/02/2017-ൽ രൂപീകരിച്ച സ്ക്വാഡ് 13/04/2018-ൽ പിരിച്ചുവിട്ടിട്ടുള്ളതാണ്. വരാപ്പുഴ പി.എസ്.ക്രൈം നം.312/2018, 310/2018 എന്നീ കേസ്സുകളിലേയ്ക്ക് ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തതുമായി ബന്ധപ്പെട്ട് ടി. സ്ക്വാഡിനെതിരെ ആരോപണം ഉണ്ടായതിനെ തുടർന്ന് ടി സ്ക്വാഡിനെ പിരിച്ചുവിട്ടിട്ടുള്ളതാണ്. ടൈഗർ ഫോഴ്സ് എന്ന പേരിൽ ഔദ്യോഗികമായി ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടില്ല. മറ്റ് കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

(ബി)

| Sl. No. | Name | Rank | No. of GSE |
|---|---|---|---|
| 1 | Shabu | ASI | 42 |
| 2 | Babu | ASI | 66 |
| 3 | Kunjumuhammed | ASI | 66 |
| 4 | Aneesh.P.B | CPO | 57 |
| 5 | Lijo Jacob | CPO | 61 |
| 6 | Anoop.T.X | CPO | 42 |
| 7 | Sumesh | CPO | 40 |
| 8 | VineethE.P | CPO | 53 |
| 9 | Vijeesh | CPO | 42 |
| 10 | Ligil Jose | CPO | 42 |
| 11 | Sudheer | CPO | 66 |
| 12 | Vineesh | CPO | 42 |
| 13 | Deepak | CPO | 66 |
| 14 | AmalMohan | CPO | 66 |
| 15 | Abdul Khadar | CPO | 53 |
| 16 | Jithin Raj | CPO | 66 |
| 17 | Salim | CPO | 19 |
| 18 | Santhosh | CPO | 66 |
| 19 | Vinod | CPO | 42 |
| 20 | Bose | CPO | 47 |
| 21 | Ratheesh Kumar | CPO | 9 |
| 22 | Geo | DVR | 66 |
| 23 | Jose.P.D | DVR | 42 |